**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5249** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നിയന്ത്രണത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ കേപ്പ്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ എന്നിവ നിലവിൽ പ്രതിസന്ധികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക രംഗത്ത് ആഗോളതലത്തിൽ 2013 മുതലുണ്ടായ തിരിച്ചടി അഭ്യസ്ഥവിദ്യരായ സാങ്കേതിക വിദഗ്ദ്ധർക്ക് തൊഴിൽ ലഭ്യതയിൽ വലിയ ഇടിവുണ്ടാക്കി. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രവേശനം വലിയ തോതിൽ കുറയാൻ ഇത് കാരണമായി. സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതു മൂലം എഞ്ചിനീയറിംഗ് കോളേജുകളുടെ വരുമാനം തകരുകയും പൊതുവിൽ ഈ മേഖല വലിയ പ്രതിസന്ധിക്ക് ഇരയാവുകയും ചെയ്തു. എം.ടെക് കോഴ്സുകൾക്ക് കുട്ടികളെ കിട്ടാതെ നിർത്തേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളെ സംയോജിപ്പിച്ച് സർക്കാരിന് കീഴിലെ ഒറ്റ സംവിധാനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | **നിലവിൽ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ